ഉടയതമ്പുരാന്റെ അനന്തകാരുണ്യത്താലും പണ്ടുമുതലേ അന്യമതസ്ഥരുടെയും നാനാജാതി ജനങ്ങളുടെയും ഇടയിൽ ഈശോമിശിഹായുടെ തിരുനാമം പ്രഘോഷിക്കുകയും അതിനനുസരിച്ച് ഏറിയ ത്യാഗം സഹിച്ച് വലിയ നിഷ്ഠയോടും ചിട്ടയോടുംകൂടി തങ്ങളുടെ കാരണവന്മാരു നടന്നു കാണിച്ചുതന്ന മര്യാദയ്ക്കും ജീവിതക്രമത്തിനും തങ്ങളാലാകുന്നതുപോലെ ഒരു ഭംഗം വരുത്താതെ ജീവിച്ചുപോന്ന ജനതയാകയാലും; ഈ ജനതയുടെ ഇടയിൽ ആദ്യമായി സുവിശേഷം അറിയിച്ചവനും ക്രൈസ്തവസഭയ്ക്ക് അടിസ്ഥാനമിട്ടവനുമായ മാർതോമ്മാശ്ലീഹായുടെ യോഗ്യതകളാലും; ഈജിപ്തിലെ അനേകം രാജാക്കന്മാരുടെ ഭരണത്തിൻ കീഴിൽ ഇസ്രായേൽമക്കളെ ദൈവം വർദ്ധിപ്പിക്കുകയും പരിപാലിക്കുകയും ചെയ്തു എന്നതുപോലെതന്നെ നമ്മുടെ സഭയെയും അനേകം രാജാക്കന്മാരുടെയും പ്രഭുക്കളുടെയും ഭരണത്തിൻകീഴിൽ യാതൊരു നാശവും ക്ലേശവും വരുത്താതെ അന്നുമുതൽ ഇന്നുവരെ ദൈവം കാത്തുപരിപാലിച്ചുപോരുകയും ചെയ്തു. എന്നിരുന്നാലും ആ അവസാനകാലത്ത് 'പുരുഷന്റെ ശത്രുക്കൾ അവന്റെ സന്തതികൾ തന്നെ' എന്ന് വിശുദ്ധ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ സമുദായത്തിന്റെ ഭരണാധികാരികൾ തന്നെ അതിനെ നശിപ്പിക്കുവാൻ ശ്രമിക്കുന്നുവെന്ന് ദൈവം കണ്ടു. ഏതു സഭാസമൂഹത്തിനും അതിന്റെ തലവനും ഭരണാധികാരിയും അതതു സമൂഹത്തിൽനിന്നു തന്നെ ഉണ്ടാകാതെ ആ ജനതയ്ക്കു കരുത്തും ശക്തിയും ഉണ്ടാകുകയില്ലെന്നുറച്ച്, പണ്ട് ഈജിപ്തുദേശത്തു പീഡിപ്പിക്കപ്പെട്ടിരുന്ന ഇസ്രായേൽമക്കളെ മോചിപ്പിക്കുവാൻ അളവില്ലാത്ത തന്റെ കരുണയാൽ അവരുടെതന്നെ ജാതിയിലും കുലത്തിലുമുള്ള മൂശയെന്ന പ്രവാചകനെ അയച്ച് അവരെ രക്ഷിച്ചതുപോലെ, നമ്മുടെ ജാതിയിലും കുലത്തിലും ആരാധനാക്രമത്തിലുംപെട്ട ആലങ്ങാട്ടുനഗരിയിൽ കരിയാറ്റി എന്നു പറയപ്പെടുന്ന തറവാട്ടിൽ പിറന്ന മാർ യൗസേപ്പ് എന്ന ദേഹത്തെ നമ്മുടെ ജാതിക്കു തലവനും സഭാധികാരിയുമായി ദൈവം നിയോഗിക്കുകയും ചെയ്തു.

എന്നിരുന്നാലും ഇതിന്റെ ചരിത്രം നമ്മുടെ ജ്യേഷ്ഠാനുജന്മാരും സഭാതനയരേവരും വേണ്ടവിധം അറിഞ്ഞിരിക്കേണ്ടതിനായി, ഞങ്ങൾ നമ്മുടെ നാട്ടിൽനിന്നു പുറപ്പെട്ട് യൂറോപ്പിലും പോയ വഴിയിലും പോർത്തുഗൽരാജ്യത്തും റോമാനഗരത്തിലും ശേഷമുള്ള എല്ലാ സ്ഥലങ്ങളിലും നമുക്ക് നേരിടേണ്ടി വന്ന സംഭവങ്ങളും ഉടയതമ്പുരാന്റെ പ്രത്യേകമുള്ള സഹായങ്ങളും ഈ പുസ്തകത്തിലെഴുതി നമ്മുടെ ജ്യേഷ്ഠാനുജന്മാരെ എല്ലാവരെയും അറിയിപ്പാൻ നിശ്ചയിക്കുകയും ചെയ്തു.

എന്നാൽ ക്രിസ്ത്വബ്ദം 1773-ൽ അരയാപ്പോലീസിന്റെ മെത്രാനായ മാർ ഫ്ലോരൻസിയോസ് മരിച്ചപ്പോൾ മലങ്കരയിടവകയിലുണ്ടായ സംഭവങ്ങൾ മുതൽ നമ്മുടെ യാത്രാവിശേഷങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. എന്നു വരുമ്പോൾ നമ്മുടെ ജ്യേഷ്ഠാനുജന്മാരൊക്കെയും ഈ പുസ്തകത്തിലെഴുതിയിരിക്കുന്ന കാര്യങ്ങളും ഉടയതമ്പുരാന്റെ പ്രത്യേകമുള്ള സഹായങ്ങളും വായിച്ചറിഞ്ഞ് ഭാവിയിൽ നമ്മുടെ സമുദായത്തിന്റെ ഗുണത്തിനും ഐക്യത്തിനും ആവശ്യമായിട്ടുള്ളതൊക്കെയും ചെയ്യുവാനായി ഏകമനസ്സോടും മനോരമ്യതയോടുംകൂടി ദൃഢനിശ്ചയം ചെയ്തുകൊള്ളണമെന്ന് തങ്ങൾ എല്ലാവരോടും വളരെ താത്പര്യപൂർവ്വം അപേക്ഷിക്കുകയും ആയതിനു നമ്മെ രാവും പകലും അനുദിനവും അനുഗ്രഹിക്കണമെന്ന് ഉടയതമ്പുരാനോട് നാം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഇതു മിശിഹാ പിറന്നിട്ട് 1785-ാം കാലം കന്നിമാസം 1-ാം തീയതി പാറേമ്മാക്കൽ തൊമ്മൻ കത്തനാർ എഴുതുന്നത്.